## ചെറുകിട വ്യവസായ യൂണിറ്റുകൾ

**108 (1348)** ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1997 മാർച്ച് മുതൽ 1999 മാർച്ച് വരെ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്ത് തുടങ്ങുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്വയം തൊഴിൽ യൂണിറ്റുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ മേൽപ്പറഞ്ഞ സംരംഭങ്ങളിലൂടെ എത്ര പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.3.97 മുതൽ 31.3.99 വരെ 40226 പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 1,45,395 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി)

| | | |
|---|---|---|
| തിരുവനന്തപുരം | - | 14,330 |
| കൊല്ലം | - | 14,394 |
| പത്തനംതിട്ട | - | 6,530 |
| ആലപ്പുഴ | - | 11,956 |
| കോട്ടയം | - | 7,321 |
| ഇടുക്കി | - | 3,510 |
| എറണാകുളം | - | 27,210 |
| തൃശ്ശൂർ | - | 15,260 |
| പാലക്കാട് | - | 14,653 |
| മലപ്പുറം | - | 8,049 |
| കോഴിക്കോട് | - | 7,613 |
| വയനാട് | - | 2,701 |
| കണ്ണൂർ | - | 7,068 |
| കാസർഗോഡ് | - | 4,800 |

## വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

**109 (1351)** പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഏതെല്ലാമാണ്;

(ബി) ഇവിടെ വ്യവസായം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലകളിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുകയുണ്ടായോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യാവസായികമായി പിന്നോക്കം നിൽക്കുന്നത് വയനാട്, ഇടുക്കി ജില്ലകളാണ്.

(ബി) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന വയനാട്, ഇടുക്കി ജില്ലകളിൽ സ്ഥാപിക്കുന്ന ട്രസ്റ്റ് സെക്ടർ യൂണിറ്റുകൾക്ക് 25% ഇൻവെസ്റ്റുമെന്റ് സബ്സിഡി നൽകുന്നതാണ്. സബ്സിഡി നൽകുന്നത് പരമാവധി 25 ലക്ഷം രൂപയ്ക്കു വിധേയമായിരിക്കും. കൂടാതെ ഈ ജില്ലകളിൽ സ്ഥാപിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത യൂണിറ്റുകൾക്ക് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 10% നിരക്കിൽ പരമാവധി 10 ലക്ഷം രൂപ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുന്നതാണ്. മറ്റു ജില്ലകളിൽ ഇത് പരമാവധി 5 ലക്ഷം രൂപ ആയിരിക്കും. കൂടാതെ നിലവിലുള്ള എല്ലാ ജില്ലകൾക്കും ലഭ്യമായ ആനുകൂല്യങ്ങളും ഈ ജില്ലകൾക്കും ബാധകമാണ്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആദായനികുതി ഇളവുകൾക്കും മറ്റും കൂടുതൽ പരസ്യം നൽകി വ്യവസായികളെ ആകർഷിക്കാൻ കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ശ്രമിക്കുന്നു. വ്യവസായ സംരംഭകർക്കായി സെമിനാറുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നു. ഈ ജില്ലകളിൽ കൂടുതൽ സാദ്ധ്യതകളുള്ള വിനോദസഞ്ചാരം, സുഗന്ധദ്രവ്യങ്ങൾ, തോട്ടവിളകളെ ആസ്പദമാക്കിയുള്ള വ്യവസായങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി വ്യവസായികളെ ആകർഷിക്കുന്നു. വയനാട്. ഇടുക്കി ജില്ലകളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്ക് കിൻഫ്ര രൂപം കൊടുത്തിട്ടുണ്ട്.

(സി)&(ഡി) കെ.എസ്.ഐ.ഡി.സിയുടെ സഹായത്തോടെ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങൾ താഴെപ്പറയുന്നു.

1. കോപ്പർകാസിൽ റിസോർട്ട്സ് പ്രൈ.ലി. ഇടുക്കി.
2. ശ്രീശങ്കര കമ്മ്യൂണിറ്റി ആയുർവേദിക് കോൺഷ്യസ്നസ് - ഇടുക്കി.
3. ക്ലാസ്പോ ഹുക്സ് പ്രൈ.ലി. വയനാട്
4. ഫിർമാ ഹുക്ടെക് പ്രൈ.ലി. വയനാട്.

വയനാട് ജില്ലയിൽ ഒരു ചെറുകിട വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്രാനുമതി കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഒരു ഹെർബൽ വില്ലേജ് ആരംഭിക്കുന്നതിന്റെ പദ്ധതിക്ക് കിൻഫ്ര രൂപം നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.1.2000-വരെ ഇടുക്കി ജില്ലയിൽ 1748 ചെറുകിട വ്യവസായ യൂണിറ്റുകളും വയനാട് ജില്ലയിൽ 1306 ചെറുകിട വ്യവസായ യൂണിറ്റുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്. ടെക്സ്ഫെഡ് വഴി ആദിവാസി പുനരുദ്ധാരണത്തിനുവേണ്ടി ഒരു മൾട്ടിപർപ്പസ് സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly